## റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ഔദ്യോഗിക ഇന്ത്യാ സന്ദർശനം (ഡിസംബർ 04 - 05, 2025)

നവംബർ 28, 2025

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം 23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ 2025 ഡിസംബർ 04 - 05 തീയതികളിൽ റഷ്യൻ പ്രസിഡന്റ് ശ്രീ. വ്ളാഡിമിർ പുടിൻ ഇന്ത്യ സന്ദർശിക്കും.

2. സന്ദർശന വേളയിൽ പ്രസിഡന്റ് പുടിൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുമായി ചർച്ച നടത്തും. രാഷ്ട്രപതി പ്രസിഡന്റ് പുടിന് സ്വീകരണം നൽകുകയും അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം വിരുന്ന് സംഘടിപ്പിക്കുകയും ചെയ്യും.

3. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി അവലോകനം ചെയ്യാനും 'പ്രത്യേകവും സവിശേഷവുമായ തന്ത്രപരമായ പങ്കാളിത്തം' ശക്തിപ്പെടുത്തുന്നതിനുള്ള കാഴ്ചപ്പാട് രൂപീകരിക്കാനും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുന്നതിനും വരാനിരിക്കുന്ന ഔദ്യോഗിക സന്ദർശനം ഇന്ത്യയുടെയും റഷ്യയുടെയും നേതൃത്വത്തിന് അവസരം നൽകും.

**ന്യൂഡൽഹി**

**നവംബർ 28, 2025**